## പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

### <u>ജലസുഭിക്ഷ പദ്ധതി</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1774 — 31-01-2018-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. സി. ദിവാകരൻ** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തദ്ദേശ സ്വയം ഭരണ വകുപ്പ് മുഖാന്തിരം ജല സുഭിക്ഷ പദ്ധതി നടപ്പിലാക്കിയി ട്ടുണ്ടോ; | (എ) | തദ്ദേശ സ്വയംഭരണ വകുപ്പിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ ജലസുഭിക്ഷാ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട് |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെ ന്തെല്ലാം എന്ന് വ്യക്തമാക്കുമോ; | | ജലസുഭിക്ഷ പദ്ധതിയുടെ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും ചുവടെ ചേർക്കുന്നു.<br>• നിലവിലെ ജലസ്രോതസ്സുകൾ ജലസമൃദ്ധവും ശുദ്ധവുമായി സംരക്ഷിച്ച് കൂടുതൽ ജലസുരക്ഷ ഉറപ്പാക്കുക<br>• കിണറുകൾ പ്രധാനമായും കുടിവെള്ള സ്രോതസ്സുകളായി ഉപയോഗിക്കുന്നതിനാൽ മഴ വെള്ളത്തെ പ്രയോജനപ്പെടുത്തി ആദ്യഘട്ടത്തിൽ കിണറുകൾ കൂടുതൽ ജലസമ്പന്നമാക്കുക<br>• സംസ്ഥാനത്തെ എല്ലാ കിണറുകളും വിവിധ ഘട്ടങ്ങളിലായി സുസ്ഥിര ജലസമൃദ്ധ ജല ശുചിത്വ കിണറുകളാക്കി മാറ്റുക<br>• സംസ്ഥാനത്തെ ജലസമൃദ്ധി, ജലശുദ്ധി, ഭൂജല സമ്പത്ത് എന്നിവയുടെ തോത് വർദ്ധിപ്പിക്കുക<br>• കിണറുകളെ ശുചിത്വമായി സംരക്ഷിക്കുന്ന സാനിട്ടറി കിണർ എന്ന ആശയം നടപ്പിലാക്കുക |

| | | | |
|---|---|---|---|
| | പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ ; | | പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>വേനൽക്കാലങ്ങളിൽ സ്ഥിരമായി വറ്റുന്ന കിണറുകൾ, ഉപ്പുരസം, ഓര്, ഇരുമ്പ്, ഫ്ലൂറൈഡ് തുടങ്ങിയവയുടെ ആധിക്യമുള്ള കിണറുകൾ, വേനൽക്കാലങ്ങളിൽ ടാങ്കറിൽ വെള്ളം എത്തിക്കുന്ന പ്രദേശങ്ങളിലെ കിണറുകൾ, മറ്റ് ജലസ്രോതസ്സുകളെ സ്ഥിരമായി ആശ്രയിക്കുന്നതുമായ സ്ഥലങ്ങൾ എന്നിവയാണ് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിൽ മുൻഗണന നൽകുന്നത്.<br>പദ്ധതിയുടെ ആദ്യഘട്ടമായി സംസ്ഥാനത്തെ നിയമസഭാ മണ്ഡലങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഓരോ ഗ്രാമ പഞ്ചായത്തുകളെ ഉൾപ്പെടുത്തി 140 ഗ്രാമ പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.<br>പദ്ധതിയുടെ ഗുണഭോക്താക്കൾ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ കാർഡ് എടുത്തിട്ടുള്ളവരും, അവരുടെ പുരയിടത്തിൽ നടക്കുന്ന റീചാർജ്ജ് പ്രവൃത്തിയിൽ ഒരു തൊഴിലാളിയായി പങ്കെടുക്കുവാൻ സന്നദ്ധതയുള്ളവരുമായിരിക്കണം. |
| (ഡി) | തിരുവനന്തപുരം ജില്ലയിൽ എവിടെയെല്ലാമാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | | അമ്പൂരി, കുളത്തൂർ, കാട്ടാക്കട, പൂവച്ചൽ, ബാലരാമപുരം, പള്ളിച്ചൽ, കോട്ടുകാൽ, പോത്തൻകോട്, അണ്ടൂർക്കോണം, കരകുളം, നന്ദിയോട്, കിളിമാനൂർ, ചിറയിൻകീഴ്, ഇലകമൺ എന്നീ ഗ്രാമ പഞ്ചായത്തുകളിലാണ് തിരുവനന്തപുരം ജില്ലയിൽ നിലവിൽ ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. |

സെക്ഷൻ ഓഫീസർ